**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4466** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിപണിയിടപെടൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർത്തി വാണിജ്യ ബാങ്കുകളുടെ ചുമതല മാത്രം വഹിക്കുന്ന സ്ഥാപനങ്ങളായി സഹകരണ സംഘങ്ങളെ പരിവർത്തനം ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെയും ആർ.ബി.ഐ.യുടെയും നിർദ്ദേശവും ബാങ്കിങ് റഗുലേഷൻ ആക്ടുപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ അംഗങ്ങളല്ലാത്തവരിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന കേന്ദ്രസർക്കാർ നിർദ്ദേശവും സഹകരണസംഘങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ടോ; ഇതിനെ മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിൽ നിലവിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത് കേരള സംസ്ഥാന സഹകരണ ബാങ്കും 58 അർബൻ സഹകരണ ബാങ്കുകളും മാത്രമാണ്. ഈ സ്ഥാപനങ്ങൾ ബാങ്കിങ് ബിസിനസ് മാത്രമാണ് നടത്തിവരുന്നത്. എന്നാൽ കേരള സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്തതും ബാങ്കിങ് റെഗുലേഷൻ ആക്ട് ബാധകമല്ലാത്തതുമായ സംഘങ്ങൾക്ക് സഹകരണ നിയമം അനുശാസിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് ബുദ്ധിമുട്ടുകൾ ഇല്ല.<br><br>ബാങ്കിങ് റഗുലേഷൻ ആക്ടുപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, അംഗങ്ങളല്ലാത്തവരിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന കേന്ദ്രസർക്കാർ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ